**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2022-23-ലെ ബഡ്ജറ്റിൽ ഉൾപ്പെട്ട, മങ്കട നിയോജകമണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉടുമ്പനാശ്ശേരി വിസിബി കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിച്ച സാഹചര്യത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | ഇരുപത് ശതമാനം തുക ബഡ്ജറ്റിൽ വകയിരുത്തിക്കൊണ്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | 2022-23 ലെ ബജറ്റിൽ 20% തുക വകയിരുത്തിയ മങ്കട നിയോജക മണ്ഡലത്തിലെ ചെറുപുഴക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി കം ബ്രിഡ്ജിന്റെ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഡി.പി.ആർ (300 ലക്ഷം) സർക്കാരിൽ ലഭ്യമായിരുന്നെങ്കിലും കർഷകർക്ക് ഉപയോഗ പ്രദമാകും വിധം ട്രാക്ടർ വേ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട്, ഇറിഗേഷന്റെ പ്രവൃത്തിയായ വി.സി.ബി നിർമാണം നടത്തിയാൽ മതിയെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് എം.എൽ.എയുടെയും ജനപ്രതിനിധികളുടെയും ആവശ്യപ്രകാരം പ്രസ്തുത പ്രവൃത്തിയിൽ പാലം നിർമ്മാണം ഉൾപ്പെടുത്തുന്നത് പുനപരിശോധിച്ച് ഡി.പി.ആർ സമർപ്പിക്കുവാനും നിർദ്ദേശം നല്കിയിരുന്നു. ആയത് പുനപരിശോധിക്കുകയും പ്രസ്തുത വി.സി.ബി പാലം NH 966-ൽ നിന്നും വരുന്ന റോഡിന് കുറുകെയായതിനാൽ വീതിയുള്ള പാലം ആവശ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. പ്രസ്തുത പാലത്തിലൂടെ വലിയ വാഹനങ്ങൾ കയറുവാൻ സാധ്യതയുള്ളതു കൊണ്ടും മണ്ണ് പര്യവേക്ഷണവും പാലത്തിന്റെ ഡിസൈനും ആവശ്യമായതിനാലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്യുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (സി) | മറുപടി ബി പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ